**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4121 12.11.2019-ലെ മറുപടിക്ക്**

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

**ചോദ്യം**

**ശ്രീ. വി.ഡി.സതീശൻ**

**ശ്രീ. വി.ടി.ബൽറാം**

**ശ്രീ. വി.എസ്.ശിവകുമാർ**

**ശ്രീ. എം. വിൻസെന്റ്**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ചെലവ് ചുരുക്കുവാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ തന്നെ പ്രതിമാസം ലക്ഷക്കണക്കിന് രൂപ ചെലവു വരുന്ന ക്യാബിനറ്റ് റാങ്കോടുകൂടിയ നിയമനങ്ങൾ സംസ്ഥാനത്ത് നടക്കുന്നത് നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സംസ്ഥാനത്തിന്റെ അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിലും സംസ്ഥാനത്ത് ആയത് പ്രകടമല്ലാത്തത് സർക്കാർ നടത്തുന്ന മേൽ പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. അതേസമയം സംസ്ഥാനത്തിന്റെ പൊതുതാത്പര്യം മുൻനിർത്തി ക്യാബിനറ്റ് റാങ്കോടു കൂടിയ ചില നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വികസനം ലക്ഷ്യമിട്ടാണ് ഇത്തരം നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെ എന്ന് അറിയിക്കുമോ? | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ |

| | | |
|---|---|---|
| | | നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. മേൽനടപടികളുടെ ഫലമായി സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**